➪ ഉത്തരവ് കിട്ടിയാലുടൻ ശിക്ഷ നടപ്പാക്കുമെന്നും റേഡിയോ അറിയിക്കുന്നുണ്ട് ➪

# 'വാഷ് മൈ ആസ്, യുവർ മെജസ്റ്റി'

പ്രമുഖ ഇറാനിയൻ സംവിധായകനായ മൊഹ്സെൻ മക്മൽബഫ് 2014ൽ സംവിധാനം ചെയ്തതാണ് 'ദി പ്രസിഡണ്ട്". കാലികപ്രസക്തി യാണ് മാനദണ്ഢമാക്കുന്നതെങ്കിൽ 2014ൽ ഇറങ്ങിയ ഈ സിനിമയായിരുന്നു കഴിഞ്ഞമാസം തിരുവനന്തപുരത്ത് നടന്ന ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന ചിത്രം ആകേണ്ടിയിരുന്നത്. എന്തുകൊണ്ട്?

**എസ്. നാരായണൻ**

**തലസ്ഥാന** നഗരം വെളിച്ചത്തിൽ കുളിച്ചുനിൽക്കുകയാണ്. രാജവീഥികളിലെങ്ങും വർണ്ണപ്രപഞ്ചം വിതറിക്കൊണ്ട് അലങ്കാരദീപങ്ങളുടെ ധാരാളിത്തം. കൊട്ടാരത്തിന്റെ മട്ടുപ്പാവിലിരുന്ന് പ്രസിഡണ്ടും അദ്ദേഹത്തിന്റെ എട്ടു വയസ്സുകാരനായ കൊച്ചുമകനും ഇരുട്ടിനെ തുരത്തിയോടിക്കുന്ന ദീപസംവിധാനത്തിന്റെ വർണ്ണപ്പൊലിമയിൽ അഭിരമിക്കുകയാണ്. നക്ഷത്രപൂരിതമായ ആകാശത്തെപ്പോലെ തന്റെ അധീനതയിലുള്ള ഭൂമിയും തിളങ്ങി നിൽക്കുന്നതിൽ പ്രസിഡണ്ട് അതീവ സന്തുഷ്ടനാണ്. ഇതിനിടെ നാഷണൽ റേഡിയോ, രാജ്യത്തെ സുരക്ഷിതത്വത്തിന് ഭീഷണിയായ ഏഴ് തീവ്രവാദികളെ വധശിക്ഷയ്ക്ക് വിധിച്ച വാർത്ത പ്രക്ഷേപണം ചെയ്യുന്നത് ഇരുവരും കേൾക്കുന്നു. പ്രസിഡണ്ടിന്റെ ഉത്തരവ് കിട്ടിയാലുടൻ ശിക്ഷ നടപ്പാക്കുമെന്നും റേഡിയോ അറിയിക്കുന്നുണ്ട്. ഇതിലൊന്നും താത്പര്യമില്ലാത്ത കൊച്ചുമകൻ പ്രസിഡണ്ടിനോട് ഐസ്ക്രീം ആവശ്യപ്പെടുന്നു. ഐസ്ക്രീമിലുള്ള ഷുഗർ അവന്റെ ആരോഗ്യത്തെ നശിപ്പിക്കുമെന്നും വളർന്ന് വലിയ മനുഷ്യനായി തന്റെ സ്ഥാനത്തിരുന്ന് രാജ്യം ഭരിക്കേണ്ടവനാണ് അവനെന്നും പ്രസിഡണ്ട് സ്നേഹപൂർവ്വം പറയുന്നു. മുത്തച്ഛന്റെ സ്ഥാനം വേണ്ടെന്നും ഐസ്ക്രീം മതിയെന്നുമാണ് അവന്റെ മറുപടി.

നാഷണൽ റേഡിയോ അവർക്കിടയിൽ വീണ്ടും ശബ്ദിക്കുന്നു. 16 വയസ്സുകാരനായ ഒരു ആൺകുട്ടിയെ വധശിക്ഷയ്ക്ക് വിധിച്ച വാർത്തയാണ് റേഡിയോ അറിയിക്കുന്നത്. അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടന ഇത് വലിയ ചർച്ചയാക്കുമെന്നും ഇപ്പോൾത്തന്നെ അവനെ വധിച്ചില്ലെങ്കിൽ കൂടുതൽ ചെറുപ്പക്കാർ വിപ്ലവത്തിനിറങ്ങുമെന്നും കൂടി റേഡിയോ ആശങ്കപ്പെടുന്നുണ്ട്.

പ്രസിഡണ്ട് കൊച്ചുമകനെ മടിയിലിരുത്തി, തന്റെ കാൽക്കീഴിൽ പ്രഭ ചൊരിഞ്ഞുനിൽക്കുന്ന രാജ്യത്തെ നോക്കികൊണ്ട് 'വെളിച്ചം അണയട്ടെ' എന്ന് കൽപ്പിക്കുന്നു. പറഞ്ഞ മാത്രയിൽത്തന്നെ ഉദ്യോഗസ്ഥർ വെളിച്ചം അണയ്ക്കുന്നു. 'വെളിച്ചം വരട്ടെ' എന്ന് ഉത്തരവിടുമ്പോൾ രാജ്യത്ത് വെളിച്ചം പരക്കുന്നു. ഇതുകണ്ട് അത്ഭുതപ്പെട്ടുപോയ കുട്ടിയെക്കൊണ്ടും പ്രസിഡണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. പ്രസിഡണ്ടും കുട്ടിയും മാറിമാറി ഉത്തരവുകൾ കൊടുത്ത് രാജ്യത്തെ ഇരുട്ടിലാഴ്ത്തിയും വെളിച്ചത്ത് നിർത്തിയും രസിക്കുന്നു. അധികാരത്തിന്റെ സുഖം രണ്ടുപേരും മതിവരുവോളം ആസ്വദിക്കുന്നു.

ഏകാധിപതിയായ പ്രസിഡണ്ടിനെ സ്ഥാനഭ്രഷ്ടനാക്കാനുള്ള ശ്രമങ്ങൾ രാജ്യത്തിനകത്ത് വിമതർ ന

⇨ അവർ ‘ഏകാധിപതി തുലയട്ടെ’ എന്ന മുദ്രാവാക്യവുമായി മുന്നേറുന്നു ⇨

ടത്തുന്നുണ്ട്. ഇത് മനസ്സിലാക്കിയ പ്രസിഡണ്ട് കുടുംബത്തെയും കൊണ്ട് രാജ്യം വിടാൻ ഒരുങ്ങുകയാണ്. ചുവന്ന പരവതാനിയിലൂടെ കാറിനടുത്തേക്ക് നഗ്നപാദരായി വരുന്ന പെൺമക്കളുടെ കാലുകളിൽ മുട്ടുകുത്തിനിൽക്കുന്ന നാലു പട്ടാളക്കാർ ഷൂസ് അണിയിക്കുന്നു. ഭാര്യയും രണ്ട് പെൺമക്കളും കൊച്ചുമകനും ചേർന്ന് പ്രസിഡണ്ടിന്റെ ആഡംബരക്കാറിൽ മുന്നിലും പിന്നിലും പട്ടാള വാഹനങ്ങളുടെ അകമ്പടിയുമായി വിമാനത്താവളത്തിലേക്ക് യാത്രയാകുന്നു. കാറിൽ വച്ച് രണ്ട് പെൺമക്കൾ പരസ്പരം വഴക്കിടുന്നുണ്ട്. നിന്റെ ഭർത്താവിന്റെ ചെയ്തികളാണ് രാജ്യത്ത് നിൽക്കാനാകാത്ത സ്ഥിതിയുണ്ടാക്കിയതെന്ന് മറ്റവളെ കുറ്റപ്പെടുത്തുമ്പോൾ അവൾ പറയുന്നത് നിന്റെ സ്വിസ്ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ പരസ്യമായതാണ് കാരണമെന്നാണ്. അവരുടെ വഴക്ക് വിമാനത്താവളം വരെ തുടരുന്നു. രണ്ട് പെൺമക്കളേയും ഭാര്യയേയും വിമാനത്തിൽ കയറ്റിവിട്ട് കൊട്ടാരത്തിലേക്ക് തിരിക്കുമ്പോൾ വഴിയിൽ വച്ച് വിമതരുടെ സൈന്യം പ്രസിഡണ്ടിന്റെ വാഹനവ്യൂഹം ആക്രമിക്കുന്നു. അവർ ‘ഏകാധിപതി തുലയട്ടെ’ എന്ന മുദ്രാവാക്യവുമായി മുന്നേറുന്നു. കാർ എയർപോർട്ടിലേക്ക് വിടാനും ഒരു ഹെലികോപ്റ്റർ എത്തിക്കാനും മറ്റും പ്രസിഡണ്ട് ഉത്തരവിട്ടുകൊണ്ടിരിക്കുന്നു. ജീവൻ രക്ഷിക്കാനുള്ള ഒരു ഉത്തരവും പാലിക്കപ്പെടുന്നില്ല. ചിതറിപ്പോയ വാഹനവ്യൂഹത്തിൽ നിന്നും പ്രസിഡണ്ടും കൊച്ചുമകനും കാറുമായി രക്ഷപ്പെടുന്നു. കാറിലുള്ള യാത്ര സുരക്ഷിതമല്ലെന്ന് കണ്ട് കാർ ഉപേക്ഷിക്കുകയാണ്. അവർ ജീവൻ രക്ഷിക്കാനുള്ള ഓട്ടത്തിലാണ്. വിമതർ തൊട്ടുപിന്നാലെയുണ്ടെന്ന് അവർക്ക് മനസ്സിലാകുന്നുണ്ട്. നാഷണൽ റേഡിയോയിലൂടെ ഇപ്പോൾ സംസാരിക്കുന്നത് വിമതരാണ്. ഏകാധിപത്യം തകർന്നെന്നും പ്രതിപക്ഷം പ്രസിഡണ്ടിന്റെ കൊട്ടാരം പിടിച്ചെടുത്തെന്നും റേഡിയോയിലൂടെ അറിയിപ്പുണ്ടാകുന്നു. പ്രസിഡണ്ടിന്റെയും കൊച്ചുമകന്റേയും എല്ലാ നീക്കങ്ങളും അവർ റേഡിയോയിലൂടെ ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയും അയാളെ പിടിച്ചുകെട്ടാൻ ആഹ്വാനം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ചതിയനായ പ്രസിഡണ്ടിനെ ജീവനോടെയോ അല്ലാതെയോ പിടികൂടുന്ന പൗരന് ഒരു ലക്ഷം ഡോളർ ഇനാമായി കൊടുക്കുന്നതാണെന്ന പ്രഖ്യാപനം റേഡിയോ പുറത്തുവിടുന്നു. കാർ ഉപേക്ഷിച്ച് പാത്തും പതുങ്ങിയും ഓടുന്നതിനിടയിൽ കൊച്ചുമകൻ ടോയ്ലറ്റിൽ പോകണമെന്ന് പറഞ്ഞ് കരച്ചിൽ തുടങ്ങുന്നു. ദരിദ്രർ ഉപയോഗിക്കുന്ന ടോയ്ലറ്റിലെ വൃത്തിയില്ലായ്മ അവന് സഹിക്കാനാകുന്നില്ല. എല്ലാറ്റിനും സേവകരുള്ള കൊട്ടാരം ഓർത്തുകൊണ്ട് നമ്മുടെ അംഗരക്ഷകർ എവിടെപ്പോയെന്ന് അവന് സംശയം. അവർ മരിച്ചു എന്ന് പ്രസിഡണ്ട്. എന്താണ് മരണം എന്നായി അവൻ. താനും മുത്തച്ഛനുമൊക്കെ മരിക്കുമോ എന്നും അവന് അറിയണം. ടോയ്ലറ്റിൽ നിന്നും എഴുന്നേറ്റ് വന്ന് അവൻ പ്രസിഡണ്ടിനോട് പറയുന്നു, ‘വാഷ് മൈ ആസ്, യുവർ മെജസ്റ്റി’. അവനവന്റേത് അവനവൻ തന്നെ കഴുകണം എന്ന് പറയുന്ന പ്രസിഡണ്ടിനോട് താൻ ഇതുവരെ അത് ചെയ്തിട്ടില്ലെന്നാണ് വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച കൊച്ചുമകൻ പറയുന്ന





ത്. പ്രസിഡണ്ട് വൈമനസ്യത്തോടെ അവൻ ആവശ്യപ്പെട്ടത് ചെയ്തുകൊടുക്കുന്നു.

പ്രസിഡണ്ടിനെ പിടികൂടുന്നവർക്കുള്ള ഇനാം രണ്ട് ലക്ഷം ഡോളറായി ഉയർത്തിയതായി നാഷണൽ റേഡിയോ അറിയിക്കുന്നു. പ്രസിഡണ്ടും കുട്ടിയും ഗ്രാമത്തിലെ ഒരു ബാർബർ ഷോപ്പിൽ കയറി വേഷപ്രച്ഛന്നരാകുന്നു. നാട്ടിലെ ജനത അനുഭവിക്കുന്ന ദാരിദ്ര്യം ബ്രഡ് വാങ്ങാനാകാതെ വിഷമിക്കുന്ന ബാർബറുടെ മകളെ കാണുന്നതോടെ അവർക്ക് നേരിട്ട് ബോധ്യമാകുന്നു. ജനങ്ങളുടെ മുദ്രാവാക്യം വിളികളും റേഡിയോ അറിയിപ്പും തന്നെ പിടികൂടാൻ ആകാശത്ത് പറക്കുന്ന ഹെലികോപ്റ്ററിന്റെ ഇരമ്പവും കേട്ട് അവർ പരിഭ്രാന്തരാകുന്നു. പ്രസിഡണ്ടിനെ തിരിച്ചറിഞ്ഞ ബാർബർ, നിങ്ങൾ ജനങ്ങളെ ആദ്യം മുതലേ സ്നേഹിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നും വിശപ്പ് അനുഭവിക്കുന്ന ജനത ഹൃദയശൂന്യമായേ പെരുമാറൂ എന്നും അയാളോട് പറയുന്നു.

ബാർബർ ഷോപ്പിൽ നിന്ന് ഇറങ്ങി അവർ ആടിനെ മേയ്ക്കുന്നവരുടെ ഇടയിൽ കയറിക്കൂടി അവരോടൊപ്പം ആടുകളെ തെളിച്ചുകൊണ്ട് നടക്കുകയാണ്. കുട്ടി തങ്ങൾ എപ്പോഴാണ് പാലസിൽ തിരിച്ചെത്തുക എന്ന് നിരന്തരം ചോദിച്ചുകൊണ്ടേയിരിക്കുന്നു. അവിടെ വച്ച് റേഡിയോയുടെ അടുത്ത അറിയിപ്പ് കേൾക്കുന്നു. 'പ്രസിഡണ്ടിനെ വേഷപ്രച്ഛന്നനാകാൻ സഹായിച്ച ബാർബറെ അറസ്റ്റ് ചെയ്തിരിക്കുന്നു. അയാളെ ചോദ്യം ചെയ്തുവരുന്നു.'

തങ്ങൾ പിടിക്കപ്പെടുമെന്ന് ഉറപ്പായ പ്രസിഡണ്ട് കൊച്ചുമകനോട് കാര്യങ്ങൾ വ്യക്തമാക്കുകയാണ്. തന്നെ 'മെജസ്റ്റി' എന്ന് ഇനിമുതൽ സംബോധന ചെയ്യരുതെന്നും അത് അപകടമാണെന്നും അയാൾ അറിയിക്കുന്നു. "ഞാനിപ്പോൾ പ്രസിഡണ്ടല്ല. ഞാൻ 'യുവർ മെജസ്റ്റി'യും നീ 'യുവർ റോയൽ ഹൈനെസ്സു'മല്ല. ഞാൻ നിന്റെ അപ്പൂപ്പനും നീ എന്റെ കൊച്ചുമകനുമാണ്. ആരെങ്കിലും നമ്മളെ തിരിച്ചറിഞ്ഞാൽ നമ്മളെ രണ്ടുപേരെയും അവർ കൊല്ലും. എല്ലാവരും നമ്മുടെ ശത്രുക്കളാണ്." ആരാണ് നമ്മുടെ ശത്രുക്കൾ എന്ന് ചോദിക്കുന്ന അവനോട് അയാൾ പറയുന്നു. "എല്ലാവരും. ഇന്നലത്തെ നമ്മുടെ സുഹൃത്തുക്കൾ. ജനങ്ങൾ. പട്ടാളക്കാർ. നമുക്ക് ചുറ്റുമുള്ള എല്ലാവരും".

ജനങ്ങൾ തിരിച്ചറിയാതിരിക്കാൻ വേണ്ടി അവർ തെരുവുഗായകരുടെ വേഷത്തിലേക്ക് കടന്നു. കൈയിലൊരു ഗിത്താറും പിടിച്ചാണ് പ്രസിഡണ്ടിന്റെ നടപ്പ്. പ്രസിഡണ്ട് പാടുന്നു. കുട്ടി നൃത്തം ചെയ്യുന്നു. പ്രാണരക്ഷാർത്ഥം അവർ ഒരു വേശ്യയുടെ ഗൃഹത്തിൽ അഭയം പ്രാപിക്കുന്നു. പ്രസിഡണ്ട് കുട്ടിയെ അവിടെ ഏൽപ്പിക്കാൻ ശ്രമം നടത്തുന്നുണ്ട്. അപ്പോഴേക്കും അയാളുടെ തലയുടെ വില ഒരു മില്യൺ ഡോളറായി ഉയർന്നിരിക്കുന്നു. കടലിൽ കാത്തുകിടക്കുന്ന ബോട്ടിൽ കയറി രാജ്യം വിടാനുള്ള ശ്രമത്തിലാണ് പ്രസിഡണ്ട്.

അവസാനം പ്രസിഡണ്ട് ജനങ്ങളാൽ പിടിക്കപ്പെടുന്നു. 'കൊലപാതകി, കൊലപാതകി' എന്ന് ആർത്തുവിളിച്ചുകൊണ്ട് ജനങ്ങൾ അയാൾക്ക് ചുറ്റു വലയം തീർക്കുന്നു. ആൾക്കൂട്ടത്തിൽ നിന്നും ഒരാൾ പ്രസിഡണ്ടിനെ വെടിവച്ചു കൊല്ലാൻ പറയുന്നു. അത്രയും എളുപ്പത്തിലുള്ള മരണം വേണ്ടെന്ന് മറ്റുള്ളവരുടെ തീരുമാനം. ഒരേയൊരു മകനെ തന്റെ കൺമുന്നിൽ വച്ച് തൂക്കിക്കൊന്നയാളാണ് പ്രസിഡണ്ടെന്നും അയാളുടെ കൊച്ചുമകനെ അതുപോലെത്തന്നെ അയാളുടെ കൺമുന്നിൽ വച്ച് തൂക്കിലേറ്റണമെന്നും അതിന് ശേഷം പ്രസിഡണ്ടിനേയും തൂക്കിക്കൊല്ലണമെന്നും വേറൊരാൾ ആക്രോശിക്കുന്നു. തന്റെ സഹോദരനെ ജീവനോടെ കത്തിച്ച് കൊന്നവനാണെന്നും അയാളെ അത്തരത്തിൽ കൊല്ലണമെന്നും പറഞ്ഞ് മറ്റൊരാൾ മുന്നോട്ടുവരുന്നു. പ്രസിഡണ്ടിനെ നൂറ് കഷ്ണങ്ങളാക്കി വെട്ടിമുറിച്ച് ഒരു മില്യൺ ഡോളർ നൂറ് പേർക്ക് ഭാഗിച്ചെടുക്കാമെന്നും അഭിപ്രായമുണ്ടാകുന്നു.

താൻ ഏതുവിധത്തിലാണ് വധിക്കപ്പെടാൻ പോകുന്നതെന്ന് നിശ്ചയമില്ലാതെ ഭയാക്രാന്തനായി നിൽക്കുന്ന പ്രസിഡണ്ടിന്റെ ചുറ്റുമുള്ള ജനങ്ങൾ, ഒരു തീരുമാനത്തിലെത്തുന്നു. ഏകാധിപതി ചെയ്തതുപോലെയുള്ള അരുംകൊല അയാൾക്കെതിരെയും നടപ്പാക്കിയാൽ അതിന് ഒരു അവസാനമുണ്ടാകില്ലെന്നും മറ്റൊരു ഏകാധിപതിയെ സൃഷ്ടിക്കാനേ അത് ഉപകരിക്കൂ എന്നും അവർ തിരിച്ചറിയുന്നു. ഏകാധിപത്യത്തിന് തുടർച്ച ആവശ്യമില്ലെന്ന് ജനങ്ങൾ തീരുമാനിക്കുന്നു. പ്രാണൻ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, തെരുവ് ഗായകന്റെ വേഷമണിഞ്ഞ് ഗിത്താറുമായി തന്റെ വിധികാത്ത് ജനങ്ങളുടെ നടുവിൽ നിസ്സഹായനായി നിൽക്കുന്ന പ്രസിഡണ്ടിനോട്, ജനാധിപത്യത്തിന്റെ ഗാനം ആലപിച്ച് ജനാധിപത്യത്തിന്റെ നൃത്തം ചെയ്യാൻ ജനക്കൂട്ടം ആവശ്യപ്പെടുന്നതോടെ 'ദി പ്രസിഡണ്ട്' എന്ന സിനിമ അവസാനിക്കുന്നു.

പ്രമുഖ ഇറാനിയൻ സംവിധായകനായ

മൊഹ്സെൻ മക്മൽബഫ് 2014ൽ സംവിധാനം ചെയ്തതാണ് 'ദി പ്രസിഡണ്ട്'. കാലിക പ്രസക്തിയാണ് മാനദണ്ഡമാക്കുന്നതെങ്കിൽ 2014ൽ ഇറങ്ങിയ ഈ സിനിമയായിരുന്നു കഴിഞ്ഞമാസം തിരുവനന്തപുരത്ത് നടന്ന ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന ചിത്രം ആകേണ്ടിയിരുന്നത്. സുരക്ഷാഭടന്മാരാലും സ്തുതിപാഠകരാലും വലയം ചെയ്യപ്പെട്ട് ആർഭാടജീവിതം നയിക്കുന്ന ഒരു ഏകാധിപതി സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ശേഷം, തന്റെ ഭരണത്താൽ ദുരിതത്തിലകപ്പെട്ട ജനതയുടെ ജീവിതത്തിലൂടെ കടന്നുപോകുന്നതാണ് സിനിമ വരച്ചുകാണിക്കുന്നത്. ഭക്ഷണത്തിന് പോലും നിവൃത്തിയില്ലാതെ കടുത്ത ദാരിദ്ര്യത്തിൽ അകപ്പെട്ട ഗ്രാമീണരെ, കൺമുന്നിൽവച്ച് മകൻ പട്ടാളക്കാരാൽ തൂക്കിലേറ്റപ്പെടുന്നത് നോക്കിനിൽക്കേണ്ടിവന്ന പിതാവിനെ, ജീവനോടെ സ്വന്തം സഹോദരനെ അഗ്നിക്കിരയാക്കുന്നതിന് നിസ്സഹായനായി സാക്ഷ്യം വഹിക്കേണ്ടിവന്ന ഹതഭാഗ്യനെ, ജയിലിൽ വച്ച് ജീവൻ വെടിയേണ്ടിവന്ന സഹോദരിയെയോർത്ത് ജീവിതം തള്ളിനീക്കുന്നവളെ... തന്റെ ദുർഭരണത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചവരെ മുഖാമുഖം നേരിടുകയാണ് പലായനത്തിന്റെ ഘട്ടത്തിൽ പ്രസിഡണ്ട്.

പ്രസിഡണ്ട് ഭരിക്കുന്ന രാജ്യം ഏതെന്നോ, അയാൾ ഏത് രാജ്യത്തേക്കാണ് രക്ഷപ്പെടാൻ ശ്രമിക്കുന്നതെന്നോ മക്മൽബഫ് വ്യക്തമാക്കുന്നില്ല. സ്വിസ് ബാങ്കിലെ അക്കൗണ്ടിനെപ്പറ്റി സിനിമയിലൊരിടത്ത് പരാമർശിക്കുന്നുണ്ട്. സങ്കൽപ്പ രാജ്യത്തിലെ ഭരണാധികാരിയുടെ കഥയാണെങ്കിലും സ്വിറ്റ്സർലണ്ടിലെ ബാങ്കും അതിൽ നിക്ഷേപിച്ച അഴിമതിപ്പണവും യഥാർത്ഥത്തിൽ തന്നെ ഉണ്ടാകുമെന്ന് സംവിധായകന് ഉറപ്പുള്ളതുപോലെ തോന്നുന്നു. ഇത് ഏതു രാജ്യവുമാകാം. ഇന്ത്യയിലിരുന്ന് ഈ സിനിമ കാണുന്നയാൾക്ക് ഇത് പൂർണ്ണമായും ഇന്ത്യതന്നെയാണ്. ഒരു രാത്രിയിൽ, ജനങ്ങൾ ജീവിക്കുന്ന നഗരത്തിന്റെ വെളിച്ച സംവിധാനം അലങ്കോലപ്പെടുത്തി തന്റെ കൊച്ചുമകനോടൊപ്പം അധികാരത്തിന്റെ ലഹരി നുണയുന്ന ഭരണാധികാരിയെയാണ് സിനിമയുടെ തുടക്കത്തിൽ കാണുന്നത്. രാത്രി എട്ടുമണി സമയത്ത് സകല ടി.വി ചാനലുകളിലും ഒരേ സമയം പ്രത്യക്ഷപ്പെട്ട് രാജ്യത്തെ ജനങ്ങൾ ഉപയോഗിക്കുന്ന 86 ശതമാനം നോട്ടുകളും നാളെ മുതൽ അസാധുവാണെന്ന് പ്രഖ്യാപിക്കാൻ തയ്യാറായ ഒരു പ്രധാനമന്ത്രിയാണ് ഇന്ത്യ ഭരിക്കുന്നത്. കള്ളപ്പണവും കള്ളനോട്ടും തീവ്രവാദവും തടയുന്നതിനെന്നാണ് കാരണം പറഞ്ഞത്. പഴയ നോട്ടുകൾ ബാങ്കുകളിലും പോസ്റ്റ്ഓഫീസിലും കൊടുത്ത് മാറിയെടുക്കണമെന്നും അതിന് ഡിസംബർ 30 വരെ സമയമുണ്ടെന്നും അറിയിപ്പുണ്ടായി. പകരം പുതിയ നോട്ടുകൾ ബാങ്കുകളിലും എ.ടി.എമ്മുകളിലും എത്തിച്ചിട്ടുണ്ടെന്നും രണ്ട് ദിവസത്തേക്ക് ചെറിയ ബുദ്ധിമുട്ടുണ്ടാകുമെന്നുമാണ് അന്ന് രാത്രി പറഞ്ഞത്. പറഞ്ഞതെല്ലാം പച്ചക്കള്ളമായിരുന്നെന്ന് രണ്ട് ദിവസത്തിനകം ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ഇറക്കുമെന്ന് പറഞ്ഞ പുതിയ നോട്ടിന്റെ പണി എങ്ങും എത്തിയിട്ടുണ്ടായിരുന്നില്ല. അടിച്ച നോട്ടുകൾ കൊടുക്കാൻ പാകത്തിൽ എ.ടി.എം മെഷിനുകൾ സജ്ജമാക്കിയിട്ടുണ്ടായിരുന്നില്ല. അങ്ങനെയൊരു പ്രശ്നമുണ്ടെന്ന് മനസ്സിലാക്കുന്നതുപോലും പഴയ നോട്ടുകൾ നിരോധിച്ചതിന്റെ പിറ്റേന്നാണ്.

ഉത്തരവ് പുറപ്പെടുവിക്കാൻ മാത്രം രാജ്യത്തുണ്ടായിരുന്ന പ്രധാനമന്ത്രി, തുഗ്ലക്കിന്റെ സ്ഥാനം ചരിത്രത്തിൽ നിന്നും പിടിച്ചെടുത്ത പ്രഖ്യാപനത്തിന് ശേഷം പതിവുപോലെ വിദേശത്തേക്ക് പറന്നു. ജപ്പാനിലാണ് പറന്നിറങ്ങിയത്. അവിടുത്തെ വെളിച്ചം കെടുത്തിയും കത്തിച്ചും രസിക്കാൻ നിർവാഹമില്ലാത്തതുകൊണ്ട് പീപ്പി വിളിച്ചും ചെണ്ട കൊട്ടിയും ആ രാത്രിയിലെ ആഘോഷം ഒതുക്കേണ്ടി വന്നു.

തിരിച്ച് ഇന്ത്യയിൽ പറന്നിറങ്ങിയപ്പോഴാണ് കാര്യങ്ങൾ കൈവിട്ടുപോയെന്ന് മനസ്സിലായത്. ഇന്ത്യ മുഴുവൻ ഒരു വലിയ ക്യൂ ആയി മാറിയിരിക്കുന്നു. അവനവൻ അദ്ധ്വാനിച്ച പണം കൈപ്പറ്റാൻ രണ്ടും മൂന്നും ദിവസം വരി നിൽക്കേണ്ട അവസ്ഥ. വരി നിന്ന്

ഉത്തരവ് പുറപ്പെടുവിക്കാൻ മാത്രം രാജ്യത്തുണ്ടായിരുന്ന പ്രധാനമന്ത്രി, തുഗ്ല ക്കിന്റെ സ്ഥാനം ചരിത്രത്തിൽ നിന്നും പിടിച്ചെടുത്ത പ്രഖ്യാപനത്തിന് ശേഷം പതിവുപോലെ വിദേശത്തേക്ക് പറന്നു. ജപ്പാനിലാണ് പറന്നിറങ്ങിയത്. അവിടുത്തെ വെളിച്ചം കെടുത്തിയും കത്തിച്ചും രസിക്കാൻ നിർവാഹമില്ലാത്തതുകൊണ്ട് പീപ്പി വിളിച്ചും ചെണ്ടകൊട്ടിയും ആ രാത്രിയിലെ ആഘോഷം ഒതുക്കേണ്ടി വന്നു.

കിട്ടുന്ന 2000ന്റെ നോട്ട് പൊതിയാത്തേങ്ങ പോലെ കൊണ്ടു നടക്കേണ്ട സ്ഥിതി. ബിവറേജസ്സിന് മുന്നിലും സിനിമാ തീയേറ്ററിന് മുന്നിലും ക്യൂ നിൽക്കാമെങ്കിൽ ബാങ്കിന് മുന്നിലും ക്യൂ നിന്നാലെന്താ എന്ന മട്ടിലുള്ള മൂടുതാങ്ങികളുടെ പിന്തുണയും അതിർത്തിയിൽ മൈനസ് അമ്പത് ഡിഗ്രി തണുപ്പിൽ രാജ്യത്തെ രക്ഷിക്കാനായി കാവൽ കിടക്കുന്ന പട്ടാളക്കാരുടെ ത്യാഗവുമായി തട്ടിച്ചു നോക്കുമ്പോൾ ഇതൊന്നുമല്ലെന്ന രീതിയിലുള്ള പാർട്ടിക്കാരുടെ വിടുവായത്തവും ജനം ഒന്നിച്ചു ക്ഷമിക്കില്ലെന്ന് മനസ്സിലായ പ്രധാനമന്ത്രി അടുത്ത വിദ്യ പ്രയോഗിച്ചു. ജനത്തിന്റെ മുന്നിൽ വിങ്ങിക്കരയുക. രണ്ട് ദിവസം കഴിഞ്ഞാൻ ശരിയാകുമെന്ന് പറഞ്ഞയാൾ രണ്ടാഴ്ച കൂടി സമയം ചോദിച്ചു. പൊതുയോഗത്തിൽ വച്ച് താൻ കുടുംബമില്ലാത്തയാളാണെന്ന് പറഞ്ഞ് മോങ്ങിയ മോടി അമ്പത് ദിവസത്തിനകം സാധാരണനിലയിൽ ആയില്ലെങ്കിൽ ഏത് ശിക്ഷ സ്വീകരിക്കാനും തയ്യാറാണെന്ന് തട്ടിവിട്ടു. മറ്റൊരു വിടുവായത്തമായി ജനം അത് തള്ളിക്കളഞ്ഞു.

അച്ചടിച്ചിറക്കിയ പുതിയ 2000 രൂപ നോട്ട്, പതിമൂന്ന് വയസ്സുള്ള ഒരു പെൺകുട്ടി വീട്ടിലെ പ്രിന്ററുപയോഗിച്ച് ഉണ്ടാക്കിയെടുത്ത് കടകളിൽ പോയി സാധനങ്ങൾ വാങ്ങിയത് വാർത്തയായി. ബാങ്കിൽ ക്യൂ നിൽക്കുന്നവർ പണം കിട്ടാതെ കൗണ്ടറുകൾ അടിച്ചുതകർക്കാൻ തുടങ്ങി. ക്യൂവിൽ നിന്ന് കുഴഞ്ഞുവീണ് മരിക്കുന്നവരുടെ എണ്ണവും കൂടിത്തുടങ്ങി. അപ്പോഴാണ് അടുത്ത പ്രഖ്യാപനം 'ക്യാഷ്‌ലെസ് എക്കോണമിയാണ് നമ്മുടെ ലക്ഷ്യം'.




പ്രകൃതിജീവനം പ്രചരിപ്പിക്കുന്നവരാണ് ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നത്. ജനങ്ങൾ അവനവന്റെ വളപ്പിലുള്ള കാച്ചിലും ചേമ്പും തകരയും മുരിങ്ങയിലയും വാഴക്കല്ലയുമൊക്കെ ഉപയോഗിച്ച് തുടങ്ങി. ഇതൊക്കെയാണ് ഭക്ഷണത്തിലുൾപ്പെടുത്തേണ്ടതെന്ന് തങ്ങൾ വർഷങ്ങളോളം ഉദ്ബോധിപ്പിച്ചിട്ടും അനുസരിക്കാത്ത ജനങ്ങൾ, പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ടാണെങ്കിലും സ്വന്തം ചുറ്റുവട്ടത്ത് നിന്നും കിട്ടുന്ന ഇലകളും കിഴങ്ങുകളും കഴിക്കാൻ തുടങ്ങിയതിൽ പ്രകൃതിജീവനക്കാർക്ക് മാത്രം അൽപ്പം ആശ്വാസം കിട്ടി. മുമ്പെങ്ങുമില്ലാത്ത വിധം അയൽപ്പക്ക സ്നേഹവും നാട്ടിൽ വർദ്ധിച്ചു. ചക്കകൊടുത്ത് മാങ്ങ വാങ്ങുന്നതും കായ കൊടുത്ത് ചേന വാങ്ങുന്നതും നാട്ടിൽ സർവ്വസാധാരണമായി.

നോട്ട് നിരോധനത്തിന്റെ പ്രശ്നങ്ങളെല്ലാം ശരിയാക്കുന്നതിന് 50 ദിവസം വേണ്ടിവരുമെന്നുള്ള സൂചനകൾ മാറി ഇപ്പോൾ കേൾക്കുന്നത് മൂന്ന് കൊല്ലമെങ്കിലും വേണ്ടിവരുമെന്നാണ്. ക്യൂവിൽ നിന്ന് വിഷമിക്കേണ്ടെന്നും ഡിസംബർ 30വരെ സമയമുണ്ടെന്നും ആവർത്തിച്ച് പറഞ്ഞ് ആശ്വസിപ്പിച്ചതിന് ശേഷം ആർ.ബി.ഐയുടെ കുറിമാനം നിശ്ചയിച്ച തീയതിക്ക് രണ്ടാഴ്ച മുമ്പ് വരുന്നു, ഇത്രയും കാലം നോട്ട് മാറാൻ വൈകിയതിന്റെ കാരണം ബോധ്യപ്പെടുത്തണമെന്ന്. അതിന് വേണ്ടി ഒരു ഫോമും തയ്യാറാക്കുന്നു. 'ഡിസംബർ 30 വരെ പണം നിക്ഷേപിക്കാം എന്ന പ്രധാനമന്ത്രിയുടേയും ധനമന്ത്രിയുടേയും വാക്കുകളെ ഞാൻ വിശ്വസിച്ചുപോയി. പക്ഷേ, അവർ അവരുടെ വാക്ക് മാറ്റി' എന്ന് ഫോമിൽ രാംകുമാർ എന്നയാൾ എഴുതിക്കൊടുത്തു. സത്യസന്ധവും രസകരവുമായ ഈ മറുപടി വളരെ പെട്ടെന്നുതന്നെ പ്രചരിച്ചു. തുടർന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളും വൈകിയതിന്റെ കാരണമായി തങ്ങളെ പ്രധാനമന്ത്രിയും ധനമന്ത്രിയും ചേർന്ന് വഞ്ചിച്ച വിവരം എഴുതാൻ തുടങ്ങി. പോഴത്തത്തിന്റെ പടുകുഴിയിൽ ആഴ്ന്നുപോയ ആർ.ബി.ഐ ആ നിർദ്ദേശവും പിൻവലിച്ച് ഒരു കാരണവും പറയാതെ ഡിസംബർ 30 വരെ പണം പിൻവലിക്കാൻ സമ്മതിച്ചുകൊണ്ട് പുതിയ കുറിമാനം ഇറക്കി. വലിപ്പ വ്യത്യാസമുള്ള നോട്ടിറക്കുമ്പോൾ എ.ടി.എം മെഷിനിൽ അതിനുള്ള സൗകര്യമുണ്ടാക്കണമെന്ന് നേരത്തെ മനസ്സിലാക്കാതെ പഴയ നോട്ട് പിൻവലിച്ചതിന്റെ പിറ്റേന്ന് മെക്കാനിക്കുക

ളെത്തേടി നെട്ടോട്ടമോടുന്ന ഇവരെപ്പോലെയുള്ളവരെയാണ് 'തൂറാൻ മുട്ടുമ്പോൾ പറമ്പ് അന്വേഷിക്കുന്നവർ' എന്ന് നാട്ടിൻപുറങ്ങളിൽ പറയുക.

ഒരർത്ഥത്തിൽ ഗുജറാത്ത് കലാപത്തിന്റെ മറ്റൊരു പതിപ്പായി നോട്ടു നിരോധനത്തെ കാണാം. ആരെയാണോ സംരക്ഷണ ചുമതലയേൽപ്പിച്ച് തെരഞ്ഞെടുത്ത് അധികാരത്തിലേറ്റിയത് അവർ തന്നെ കലാപകാരികൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്നതും പോലീസിനെ നിഷ്ക്രിയമാക്കി നിർത്തുന്നതുമാണ് ഗുജറാത്തിൽ കണ്ടത്. 'ഈ കടലാസിന് ഞാൻ ആയിരം രൂപ മൂല്യം ഉറപ്പുനൽകുന്നു' എന്നുപറഞ്ഞ് ഒപ്പുവച്ചവർ തന്നെയാണ് ജനങ്ങളുടെ തലയ്ക്ക് മുകളിലിരുന്ന് അതിക്രമങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത്. നോട്ട് നിരോധനം പ്രഖ്യാപിച്ച ശേഷം അറുപതോളം തവണയാണ് വാക്കുമാറ്റങ്ങളും മലക്കം മറിച്ചിലുകളും നടന്നത്. ഉന്നതങ്ങളിലിരുന്ന് ഓൺ ചെയ്തും ഓഫ് ചെയ്തുമുള്ള ഈ കളിയിൽപ്പെട്ട് യാതന അനുഭവിക്കുന്ന ജനങ്ങൾക്ക് വീൺവാക്കുകൾ മാത്രമാണ് വീണ്ടും വീണ്ടും ലഭിച്ചുകൊണ്ടിരിക്കുന്നത്.

സാധാരണക്കാരന്റെ പണം ഒന്നാകെ എടുത്ത് കോർപ്പറേറ്റ് ഭീമന്മാരുടെ കീശയിലേക്ക് പകർന്നുകൊടുക്കാൻ കരാർ ഏറ്റെടുത്തിരിക്കുന്ന ദല്ലാൾമാരാണ് ഭരണക്കസേരയിൽ കയറിയിരുപ്പുറപ്പിച്ചിട്ടുള്ളത്. സാമാന്യബോധമോ പ്രായോഗിക ബുദ്ധിയോ തൊട്ടുതെറിച്ചിട്ടില്ലാത്ത ഇവരാണ് ഭരണസിരാകേന്ദ്രത്തിലിരുന്ന് വെളിച്ചം കെടുത്തിയും കത്തിച്ചും ഒന്നരമാസമായി ജനങ്ങളെ കുരങ്ങുകളിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരവുകൾ ഇറക്കുന്നതിനും പിൻവലിക്കുന്നതിനും ഇടയിൽക്കിടന്ന് കുഴങ്ങുന്നത് ആർ.ബി.ഐയിലെയും ബാങ്കുകളിലെയും ഉദ്യോഗസ്ഥരാണ്. നോട്ട് നിരോധനം പ്രഖ്യാപിച്ചതിന്റെ പിറ്റേന്ന് മുതൽ രാപ്പകൽ വിശ്രമമില്ലാതെ പണിയെടുത്തിട്ടും പൊതുജനങ്ങളുടെ മുന്നിൽ അവഹേളനാപാത്രമാകുന്നത് അവരാണ്. മേലാവിൽ നിന്നുള്ള മാലിന്യം മേലാവിൽ നിന്നുതന്നെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന അവർ, 'വാഷ് മൈ ആസ്, യുവർ മെജസ്റ്റി' എന്ന് പറയുന്ന 'ദി പ്രസിഡണ്ടണ്ടി'ലെ കൊച്ചുമകനെ ഓർമ്മിപ്പിക്കുന്നില്ലേ?

**വാൽക്കഷ്ണം**

പ്രശസ്ത നാടകകൃത്തും നടനുമായ എൻ.എൻ. പിള്ള തന്റെ ഐ.എൻ.എ കാലത്തെക്കുറിച്ചും നേതാവായിരുന്ന സുഭാഷ്ചന്ദ്ര ബോസിനെക്കുറിച്ചും 'ഞാൻ' എന്ന ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്. സ്വന്തം അഭിപ്രായമല്ലാതെ മറ്റൊരാളുടെ അഭിപ്രായം സ്വീകരിക്കാത്ത, വിമർശനങ്ങൾ ഇഷ്ടപ്പെടാത്ത നേതാജിയെയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. അദ്ദേഹം എഴുതുന്നു: "അടിമുടി താൻ ഒരു ഏകാധിപതിയാണെന്ന് വിളിച്ചറിയിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സംസാരരീതിയും അംഗവിക്ഷേപങ്ങളും വസ്ത്രധാരണരീതിയും. സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് ഒരു ഇരുപത് വർഷത്തേക്കെങ്കിലും ഒരേകാധിപതിയുടെ ഭരണക്രമം തന്നെ നടപ്പാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഓരോ ഇന്ത്യാക്കാരന്റേയും വസ്ത്രധാരണവും ഭക്ഷണക്രമവും മുതൽ ദേശീയഭാഷ വരെ എങ്ങനെയൊക്കെ ആയിരിക്കണമെന്ന് അദ്ദേഹം കാലേകൂട്ടി തീരുമാനിച്ച് ക്രമപ്പെടുത്തിയുമിരുന്നു."

"ആ കാലത്ത് നേതാജി എപ്പോഴും എവിടെയും ഒരതിമാനുഷനായി ആരാധിക്കപ്പെട്ടുപോന്നു. ഈ ആരാധന അദ്ദേഹത്തെ പലപ്പോഴും ആവേശത്തിന്റെ അതിർത്തിരേഖകൾ മറികടന്ന് അപസ്മാരത്തിന്റെ അപകടമേഖലയിലെത്തിക്കാനും അടിതെറ്റിക്കാനും പര്യാപ്തവുമായിരുന്നു. 1943ലെ ബംഗാൾ ക്ഷാമത്തെപ്പറ്റി അറിഞ്ഞ നേതാജി, അധികൃതർ അനുവദിക്കുന്ന പക്ഷം ഒരു ലക്ഷം ടൺ അരി താൻ ബംഗാളിൽ എത്തിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചു. ഇത് തികച്ചും അപ്രായോഗികമാണെന്ന് മാത്രമല്ല അർത്ഥശൂന്യവുമായിരുന്നു. മാത്രമല്ല, അന്ന് മലയായിലെ തൊണ്ണൂറ് ശതമാനം ഇന്ത്യാക്കാരും പഞ്ഞപ്പുല്ലും കപ്പയിലയും തിന്ന് ജീവിക്കുന്ന കാലവുമായിരുന്നു."

പ്രൊവിഷണൽ ഗവൺമെണ്ടിന്റെ രൂപീകരണത്തിന് ശേഷം ഒരു പ്രസംഗത്തിൽ "I am the head of th state" എന്ന് നേതാജി പ്രഖ്യാപനം നടത്തി. ജപ്പാൻകാരെപ്പറ്റി നേതാജിയെക്കാൾ കൂടുതൽ അറിയാമായിരുന്ന, നേതാജിക്ക് അവർ അനുവദിച്ച സ്വാതന്ത്ര്യത്തിൽ കർശനമായ നിയന്ത്രണവും സെൻസറിംഗും ഏർപ്പെടുത്തിയിരുന്നതും ബോധ്യമുള്ള കെ.പി. കേശവമേനോൻ നേതാജിയുടെ ഈ പ്രഖ്യാപനത്തോട് സിംഗപ്പൂരിൽ വച്ച് പ്രതിവചിച്ചത് "what is the state of his head?" എന്നായിരുന്നുവെന്ന് എൻ.എൻ. പിള്ള എഴുതുന്നു.

ഈ കാലം ഒന്നിലധികം കേശവമേനോൻമാരെ ആവശ്യപ്പെടുന്നു. ■